**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1441** **19-09-2025 - ൽ മറുപടിയ്ക്ക്**

**കായംകുളം കായലോര ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കായംകുളം കായലോര ടൂറിസം പദ്ധതികൾ ജില്ല ടൂറിസം പ്രമോഷൻ കൗൺസിലിന് കൈമാറിയിട്ടും പൊതുജനങ്ങൾക്ക് പ്രയോജനകരമാകുന്ന രീതിയിൽ തുറന്ന് പ്രവൃത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ആലപ്പുഴ മെഗാടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി വിനോദസഞ്ചാര വകുപ്പ് പണി കഴിപ്പിച്ചിട്ടുള്ള കായംകുളം ഹൗസ് ബോട്ട് ടെർമിനൽ വകുപ്പ് 05/08/2023 ൽ ആലപ്പുഴ ജില്ല ടൂറിസം പ്രമോഷൻ കൗൺസിലിന് കൈമാറി നൽകിയിരുന്നു. എന്നാൽ പദ്ധതി പ്രദേശം CRZ പരിധിയിലായതിനാൽ ഇവിടുത്തെ കെട്ടിടങ്ങൾക്ക് നമ്പർ ലഭ്യമായിരുന്നില്ല. കൂടാതെ വൈദ്യുതി കണക്ഷൻ, കുടിവെള്ള കണക്ഷൻ, സംരക്ഷണ വേലി എന്നിവ ഉണ്ടായിരുന്നില്ല. ഇക്കാരണങ്ങളാൽ ടി പദ്ധതി പ്രദേശം പ്രവർത്തനക്ഷമമാക്കുന്നതിന് കാലതാമസം നേരിട്ടിട്ടുള്ളതാണ്. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതി പ്രവർത്തന സജ്ജമാകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | നിലവിൽ പ്രസ്തുത ടെർമിനലിന് സംരക്ഷണ വേലി നിർമ്മിക്കുന്നതിനായി 43,71,000/- രൂപ അനുവദിച്ചിരുന്നു. ജില്ലാ നിർമ്മിതി കേന്ദ്രം മുഖാന്തരം ടി സംരക്ഷണ വേലിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 98% പൂർത്തീകരിച്ചിട്ടുള്ളതാണ്. ടെർമിനൽ പ്രദേശത്ത് ആലപ്പുഴ ജില്ല ടൂറിസം പ്രമോഷൻ കൗൺസിൽ വൈദ്യുതി കണക്ഷൻ എടുക്കുകയും പോലീസ് സഹായത്തോടെ സിസിടിവി ക്യാമറകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പദ്ധതി പ്രദേശത്ത് കായംകുളം എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 65 ലക്ഷം രൂപ ചെലവഴിച്ച് കായംകുളം കൊച്ചുണ്ണി സ്മാരക ആഡിറ്റോറിയം എന്ന പേരിൽ ആഡിറ്റോറിയം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കായംകുളം ഹൗസ് ബോട്ട് ടെർമിനലിനോട് ചേർന്നുള്ള ഡി.ടി.പി.സി യുടെ അമിനിറ്റി സെന്ററിനോട് ചേർത്ത് ടി പ്രദേശം പ്രവർത്തനക്ഷമമാക്കുന്നതിനായി ഡി.ടി.പി.സി താത്പര്യപത്രം ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയത് അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ